മൊബൈൽ ദന്തൽ ക്ലിനിക്കുകൾ

13 (6718) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊബൈൽ ദന്തൽ ക്ലിനിക്കുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ക്ലിനിക്കുകൾ മുഖേന എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത ക്ലിനിക്കുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം സർക്കാർ ദന്തൽ കോളേജുകളിൽ മൊബൈൽ ദന്തൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയോട് അനുബന്ധിച്ച് ഒരു മൊബൈൽ ദന്തൽ യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

(ബി-ഡി) ഈ മൊബൈൽ ദന്തൽ ക്ലിനിക്കുകൾ വഴി കേടായ പല്ലെടുക്കുക, അടയ്ക്കുക, ക്ലീൻ ചെയ്യുക എന്നീ സേവനങ്ങളാണ് നൽകിവരുന്നത്. സന്നദ്ധ സംഘടനകൾ, ആതുരാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, ഭിന്നശേഷിയുള്ളവർ വസിക്കുന്ന മന്ദിരങ്ങൾ മറ്റു സാമൂഹികപ്രസക്തമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആവശ്യകതയനുസരിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ച് ആവശ്യമായ ചികിത്സകൾ നൽകിവരുന്നു. അതോടൊപ്പം ദന്താരോഗ്യ ബോധവൽക്കരണ ക്ലാസുകളും നടത്തുന്നുണ്ട്.

കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷണം

14 (6719) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സി.എച്ച്.സി./താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് എന്തൊക്കെ ഭക്ഷണങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഭക്ഷണം ഏതൊക്കെ സമയങ്ങളിലാണ് വിതരണം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ;

(സി) ഭക്ഷണം യഥാസമയങ്ങളിൽ രോഗികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സി.എച്ച്.സി./താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് കഞ്ഞി, പയർ, പാൽ, മുട്ട, ബിസ്ക്കറ്റ്, ബ്രെഡ് എന്നിവ നൽകിവരുന്നു. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ നടപ്പിലാക്കുന്ന അമ്മയും കുഞ്ഞും പദ്ധതി പ്രകാരം പ്രസവം നടക്കുന്ന ആശുപത്രികളിൽ പ്രസവത്തിനായി എത്തുന്ന സ്ത്രീകൾക്ക് അഡ്മിഷൻ മുതൽ ഡിസ്ചാർജ് ചെയ്യുന്നതുവരെ ആശുപത്രിയിൽ നിന്നും സൗജന്യ ഭക്ഷണം ലഭ്യമാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം സൗജന്യ ഭക്ഷണത്തിൽ ബ്രെഡ് കോഫി, പ്രാതൽ, ഓരോ സീസണിലും ലഭ്യമാകുന്ന പഴങ്ങൾ, ഉച്ചഭക്ഷണം, ചായ, നാലുമണി പലഹാരം, അത്താഴം എന്നിവ ലഭ്യമാക്കുന്നു.

(ബി) കഞ്ഞി, പയർ എന്നിവ ഉച്ചയ്ക്കും വൈകുന്നേരവും നൽകുന്നു. പാൽ, മുട്ട, ബ്രെഡ്, ബിസ്ക്കറ്റ് എന്നിവ വിതരണം ചെയ്യുന്ന സമയങ്ങളിൽ രാവിലെയും വൈകുന്നേരവും നൽകുവാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. അമ്മയും കുഞ്ഞും പദ്ധതി പ്രകാരം ഭക്ഷണം വിതരണം ചെയ്യുന്നതിന്റെ സമയം നിഷ്കർഷിച്ചിട്ടുണ്ട്.

സമയം	ഭക്ഷണ രീതി
രാവിലെ 6 മുതൽ 7 വരെ	ബ്രെഡ് കോഫി, പ്രാതൽ
പകൽ 10 മണിക്ക്	സീസൺ അനുസരിച്ച് ലഭ്യമാകുന്ന പഴവർഗ്ഗങ്ങൾ
ഉച്ചയ്ക്ക് 12 മുതൽ 1 വരെ	ഉച്ചഭക്ഷണം
വൈകുന്നേരം 4 മണിക്ക്	ചായയും പലഹാരവും
രാത്രി 7.30 മണിക്ക്	അത്താഴം

(സി) ഭക്ഷണം യഥാസമയത്ത് രോഗികൾക്ക് വിതരണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആശുപത്രി സൂപ്രണ്ടിനെയും ഭക്ഷണ വിതരണത്തിന്റെ ചുമതലയുള്ള നഴ്സിംഗ് സൂപ്രണ്ട്/ഹെഡ് നഴ്സിനെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ ഭക്ഷണവിതരണം കാര്യക്ഷമമായാണ് നടന്നുവരുന്നത്. ഇതുസംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അമ്മയും കുഞ്ഞും പദ്ധതിയുടെ ഭാഗമായി പ്രസവത്തിനായി എത്തുന്ന സ്ത്രീകൾക്ക് ലഭ്യമാകുന്ന സൗജന്യ ഭക്ഷണത്തിന്റെ മേൽനോട്ട നിർവ്വഹണത്തിനായി പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly